# സാമൂഹിക ശാസ്ത്രം

# SOCIAL SCIENCE MALAYALAM MEDIUM

## മൂന്നാം തരം

## STANDARD THREE

### ഭാഗം I

### TERM I



# 1. ഞാൻ ഇഷ്ടപ്പെടുന്ന ലോകം





ഞാൻ മീന.



## എന്റെ വീട്ടിൽ . . .

മുത്തശ്ശിക്കഥ കേൾക്കാനിഷ്ടം.
മധുരമായ് പാടുന്നത് ഏവർക്കും ഇഷ്ടം.
സ്വാദുള്ള ഭക്ഷണം അതിലേറെ ഇഷ്ടം.
മാതാപിതാക്കളോടൊപ്പം ഉല്ലാസയാത്ര പോകാനിഷ്ടം.
ജ്യേഷ്ഠനോടൊത്ത് വീട്ടിലെ പണികൾ ചെയ്യാനൊത്തിരി ഇഷ്ടം.



## എന്റെ പരിസരം . . .

കൂട്ടുകാരാടൊത്ത് കളിക്കാനിഷ്ടം.
വഴിയോരക്കടകൾ സന്ദർശിക്കാനിഷ്ടം.
പൂന്തോട്ടത്തിൽ ഊഞ്ഞാലാടാനിഷ്ടം.
കുസൃതികൾ എപ്പോഴുമിഷ്ടം.
സൈക്കിൾ ഓടിക്കാൻ ഒത്തിരിയൊത്തിരി ഇഷ്ടം.



## എന്റെ സ്കൂളിൽ . . .

ചെടികൾ നട്ടുവളർത്താനിഷ്ടം.
അധ്യാപകരുടെ അഭിനന്ദനം ലഭിക്കാനിഷ്ടം.
കലാപരിപാടികളിൽ പങ്കെടുക്കാൻ ഇഷ്ടം.
സ്കൂൾ പ്രവർത്തനങ്ങളിൽ മുന്നിലെത്താനിഷ്ടം.
സ്കൂളിൽ കൂട്ടുകാരോടൊത്ത് കളിക്കാനിഷ്ടം.

**നിങ്ങൾക്കും ഇതുപ്പോലെ ഒത്തിരി ഇഷ്ടങ്ങളുണ്ടാവുമല്ലോ? എഴുതി നോക്കൂ.**

| വീട്ടിൽ | സ്കൂളിൽ | മറ്റിടങ്ങളിൽ |
|---|---|---|
| | | |
| | | |
| | | |



ലത, ജമാൽ, ജോൺ, മേരി എന്നിവരും മൂന്നാം ക്ലാസ്സിൽ പഠിക്കുന്നവരാണ്. അവർ ഓരോത്തരും വ്യത്യസ്ത ചുറ്റുപാടുകളിൽ താമസിക്കുന്നു. അവർ പറയുന്നതു കേൾക്കൂ.



ഞാൻ ലത.
എന്റെ മാതാപിതാക്കളോടൊത്ത്
കൽപ്പാക്കം ഗ്രാമത്തിൽ താമസിക്കുന്നു.
ഞങ്ങളുടെ വീട്ടിൽ ഒരു പശുവുണ്ട്.



എന്റെ പേര് ജമാൽ.
ഞാനും ജ്യേഷ്ഠനും ഞങ്ങളുടെ
മുത്തച്ഛന്റെയും മുത്തശ്ശിയുടെയും
കൂടെ നാഗൂരിൽ താമസിക്കുന്നു.



ഞാൻ ജോൺ.
ഞാനും സഹോദരി മേരിയും മാമ
ന്റെയും മാമിയുടേയും കൂടെ താമ
സിക്കുന്നു. ഞങ്ങളുടെ വീട്
താംബരത്തിലുള്ള ഇരുനില
ക്കെട്ടിടമാണ്.

നിങ്ങൾ എവിടെ? ആരോടൊത്ത് താമസിക്കുന്നു?
സ്വന്തം ചിത്രം വരച്ച് എഴുതൂ.



കൂട്ടുകുടുംബം, അണുകുടുംബം, ചെറിയകുടുംബം, വലിയ കുടുംബം എന്നിങ്ങനെ പലതരം കുടുംബങ്ങളുണ്ട്.



**നിങ്ങളുടെ കുടുംബം അണുകുടുംബമോ? കൂട്ടുകുടുംബമോ?** __________



എന്റെ കുടുംബത്തെ എനിക്കു വളരെ ഇഷ്ടമാണ്. സ്കൂളിൽ നിന്നു വരുമ്പോൾ എന്നെ അമ്മ സ്നേഹത്തോടെ വാരിപ്പുണരും. സ്കൂളിൽ എന്തൊക്കെയാണ് നടന്നതെന്ന് സന്തോഷത്തോടെ ചോദിക്കും. ജ്യേഷ്ഠനാണെങ്കിൽ എപ്പോഴും എന്നോട് വഴക്കിടും.എനിക്ക് ദേഷ്യം വരും. മുത്തച്ഛനെന്നെ സമാധാനിപ്പിക്കും. ഞങ്ങളുടെ അച്ഛനമ്മമാർ ഞങ്ങളെ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. എനിക്കു വീട്ടിൽ സ്വതന്ത്രമായി പെരുമാറാൻ കഴിയുന്നു.

വീട്ടിലെ നിങ്ങളുടെ ചെല്ലപ്പേരെന്താണ്? __________

വീട്ടിൽ സംസാരിക്കുന്ന ഭാഷ ഏതാണ്? __________

സങ്കടം വന്നാൽ നിങ്ങൾ ആരെ വിളിച്ചാണ് കരയുക? __________

ഭയം തോന്നുമ്പോൾ ആരുടെ പിറകിൽ ഒളിയ്ക്കാനാണിഷ്ടം? __________

രോഗം വരുമ്പോൾ ആരുടെ സാമീപ്യമാണ് ഇഷ്ടപ്പെടുന്നത്? __________

അറിയാതെ ചെയ്യുന്ന തെറ്റുകൾ ആരുടെ മുന്നിലാണ് അവതരിപ്പിക്കുന്നത്? __________

മീന തന്റെ വിരലുകളുടെ അടയാളങ്ങൾ പേപ്പറിൽ പതിപ്പിച്ച് കുടുംബാംഗങ്ങളുടെ രേഖാചിത്രങ്ങൾ ഉണ്ടാക്കി.



**ഇതുപോലെ നിങ്ങളുടെ വീട്ടിലെ അംഗങ്ങളുടെ വിരൽ ചിത്രങ്ങൾ പതിപ്പിക്കൂ . . .**

## വീട്ടിൽ അന്വേഷിച്ച് വിവരങ്ങൾ ശേഖരിക്കൂ. . .



മുത്തച്ഛൻ ചെറുപ്പത്തിൽ എവിടെയാണ് താമസിച്ചിരുന്നത് ?

______________________________

മുത്തശ്ശി ചെറുപ്പത്തിൽ താമസിച്ചിരുന്ന സ്ഥലം ഏത്? ______________________________

അവർ ചെറുപ്രായത്തിൽ കൂട്ടുകാരോടൊത്ത് ഏതെല്ലാം കളികളിലാണ് ഏർപ്പെട്ടിരുന്നത്? ______________________________

അവരുടെ കൂട്ടുകാരുടെ പേരുകൾ ചോദിച്ചെഴുതൂ.

അവരുടെ കളികളിലെ രസകരമായ അനുഭവങ്ങൾ അവരിൽ നിന്നും ശേഖരിക്കൂ.

അക്കാലത്തെ വിനോദങ്ങൾ ഇപ്പോൾ നിലവിലുണ്ടോ?

______________________________





അതിൽ നിങ്ങൾ ഇപ്പോഴും കളിക്കുന്ന കളികൾ ഏതെല്ലാം?

______________________________

നിങ്ങളുടെ ഇഷ്ടവിനോദം ഏതാണ്? എന്തുകൊണ്ട്? ______________________________

______________________________

തനിച്ചാണോ? സുഹൃത്തുക്കളോടൊപ്പമാണോ കളിക്കുന്നത്? ______________________________

## നാം ആരോടൊപ്പമാണ് കളിക്കുന്നത്?



| സ്കൂളിൽ | വീടിനടുത്ത് . . . |
| --- | --- |
| | |
| | |
| | |





സ്വന്തം വീട്ടിൽ മുഴുവൻപേരോടും സ്നേഹത്തോടെ കഴിയാം. ഇഷ്ടപ്പെട്ട ജോലികൾ ചെയ്യാം. അഭിപ്രായങ്ങൾ പറയാം.

ഇത് സുമതിയുടെയും ശരണിന്റെയും വീട്. അവർ അച്ഛനമ്മമാരോടൊത്ത് വീട്ടുജോലികൾ ചെയ്യുന്നതു നോക്കൂ . . .









നിങ്ങൾ വീട്ടുകാരെ എങ്ങനെയൊക്കെയാണ് സഹായിക്കുന്നത്?

______________________ ______________________

______________________ ______________________

______________________ ______________________

ഒഴിവുദിനങ്ങൾ വീട്ടുകാരോടൊത്ത് എങ്ങനെ സന്തോഷകരമായി ചെലവഴിക്കും?

______________________ ______________________

______________________ ______________________

സാമൂഹ്യശാസ്ത്രം

**നിങ്ങളുടെ വീടിന്റെ ചിത്രം വരയ്ക്കുക. അതിന്റെ പരിസരത്ത് ഇഷ്ടപ്പെട്ട മരങ്ങൾ, ചെടികൾ, വള്ളികൾ എന്നിവ വരച്ച് ഭംഗിയാക്കുക.**













# 2. എന്റെ പരിസരം

ഞങ്ങൾ വസിക്കുന്ന പ്രദേശത്ത് പലതരക്കാരായ ധാരാളം ജനങ്ങൾ ജീവിക്കുന്നുണ്ട്. ഈ ജനങ്ങൾക്കാവശ്യമായ റോഡ്, റയിൽ പാത, അങ്ങാടി, ആരാധനാലയങ്ങൾ എന്നിവയുണ്ട്. നിങ്ങൾ താസിക്കുന്ന സ്ഥലത്ത് എന്തൊക്കെ ഉണ്ട് എന്നു പറയാമോ?

ലത, ജമാൽ, ജോൺ, മേരി എന്നിവർ അവരുടെ ചുറ്റുപാടുകളെപ്പറ്റി പറയുന്നതു കേൾക്കൂ.

ലത



ഞങ്ങൾ ഒരു കുളത്തിനടുത്താണ് താമസിക്കുന്നത്. ഇവിടെ റോഡുകൾ അഞ്ചു ശാഖകളായി പിരിഞ്ഞു പോകുന്നതു കൊണ്ടാണ് തമിഴിൽ ഈ പേരു വന്നത്. ഇവിടെ നിറയെ വീടുകളാണ്. ഞങ്ങളുടെ തെരുവിൽ ശുദ്ധ ജലവിതരണ പൈപ്പുണ്ട്. ന്യായവിലക്കടയുണ്ട്. വീടിനടുത്ത് ഒരു പലവ്യഞ്ജനക്കടയുണ്ട്. അമ്മ ചിലപ്പോഴൊക്കെ അവിടെ നിന്ന് മിഠായി വാങ്ങിതരും. അച്ഛൻ ചെന്നൈയിലെ ഒരു ചായക്കടയിൽ ജോലി ചെയ്യുന്നു. ഒഴിവുള്ള ദിവസങ്ങളിൽ വീട്ടിൽ വരും.

ലതയുടെ കൂട്ടുകാർ ആരൊക്കെ?

ലതയുടെ വീട്ടിനടുത്ത് എന്തൊക്കെ ഉണ്ട്?

അയൽക്കാരുമായി ചേർന്ന് ലത എന്തൊക്കെ ചെയ്യും?





ജമാൽ



അമ്മയും ഞാനും കുഞ്ഞമ്മയും കൊച്ചച്ഛനും നാഗൂർ എന്ന സ്ഥലത്ത് അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും വീട്ടിൽ ഒരുമിച്ചാണു താമസിക്കുന്നത്. മീൻപിടിത്തമാണു ഞങ്ങളുടെ കുടുംബത്തിന്റെ ജോലി. ഞങ്ങളുടെ വീട് കടൽത്തീരത്താണ്. ഞങ്ങളുടെ പഴയവീട് പൊളിഞ്ഞുപോയതുകൊണ്ട് ഇപ്പോൾ ഒരു പുതിയ വീട് നിർമ്മിച്ചു. വീടിനുചുറ്റും മരങ്ങൾ വളർത്തുന്നുണ്ട്. ഇവിടെ വസിക്കുന്ന ഭൂരിപക്ഷവും മീൻപിടിത്തക്കാരാണ്.

ജമാൽ ആരൊടൊപ്പമാണു താമസം?
ജമാലിന്റെ വീട് എവിടെയാണ്?.
ജമാലിന്റെ വീടിന്റെയും പരിസരത്തിന്റെയും ഒരു ചിത്രം വരയ്ക്കാമോ?

മേരി



ഞങ്ങൾ ഞങ്ങളുടെ മാമിയോടൊപ്പമാണ് താമസിക്കുന്നത്. താംബരത്താണു വീട്. പല നിലകളുള്ള ഒറ്റ കെട്ടിടത്തിൽ 40 കുടുംബങ്ങൾ താമസിക്കുന്നു. വിദ്യാലയത്തിൽ ചേരാത്ത കുട്ടികളെ കണ്ടുപിടിച്ച് ചേർക്കുകയാണ് എന്റെ മാതാപിതാക്കളുടെ ജോലി. അതിനുവേണ്ടി എപ്പോഴും ദൂരസ്ഥലങ്ങളിലേയ്ക്ക് യാത്രയിലായിരിക്കും. അതുകൊണ്ടാണ് ഞങ്ങൾ മാമിയോടൊപ്പം താമസിക്കുന്നത്. വൈകുന്നേരമായാൽ എല്ലാ കുടുംബങ്ങളിലെയും കുട്ടികൾ കൂട്ടുചേർന്നു കളിക്കും. പക്ഷേ പലരും പഠിക്കുന്നത് വെവ്വേറെ സ്കൂളുകളിലാണ്. വണ്ടല്ലൂരിൽ ഒരു മൃഗശാല യുണ്ട്. അവിടെ ധാരാളം മരങ്ങളും ജന്തുക്കളും ഉണ്ട്. മേരിക്ക് അതുവളരെ ഇഷ്ടമാണ്.

ജോൺ



ജോണിന്റെയും മേരിയുടെയും വീട് എവിടെയാണ്?
എന്തുകൊണ്ടാണ് അവർ മാമിയോടൊപ്പം താമസിക്കുന്നത്?
മേരിക്ക് വണ്ടല്ലൂർ മൃഗശാല ഇഷ്ടപ്പെട്ടത് എന്തുകൊണ്ട്?

നിങ്ങൾ താമസിക്കുന്ന സ്ഥലത്തിന് മേൽപറഞ്ഞവയിൽ ഏതിനോടാണു സാമ്യം?

നിങ്ങളുടെ സ്ഥലത്തെപ്പറ്റി ഇതുപ്പോലെ എഴുതാമോ? അദ്ധ്യാപികയുടെ സഹായത്തോടെ ശ്രമിച്ചു നോക്കൂ.

ചിത്രം നോക്കൂ. നിങ്ങളുടെ പെരുമാറ്റം എങ്ങനെആയിരുന്നാലാണ് പരിസരവാസികൾക്ക് നിങ്ങളെ ഇഷ്ടപ്പെടുക.












___

___

___

പരിസരത്തുള്ളവരിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ടവർ ആരൊക്കെ? എന്തുകൊണ്ടാണ് അവരെ ഇഷ്ടപ്പെടുന്നത്? അവർ മറ്റുള്ളവരോട് പെരുമാറുന്നതെങ്ങനെ?





## വീട്ടിലും പരിസരത്തുമുള്ള മുതിർന്നവരോട് ചോദിച്ച് ഉത്തരമെഴുതുക

| ചോദിക്കേണ്ട ചോദ്യങ്ങൾ | സ്വന്തം വീട്ടിൽ | സുഹൃത്തിന്റെ വീട്ടിൽ |
|---|---|---|
| എത്ര വർഷങ്ങളായി ഈ പ്രദേശത്ത് താമസിക്കുന്നു? | | |
| നിങ്ങളുടെ വീട്ടിനടുത്തുള്ള ഇഷ്ടപ്പെട്ട രണ്ട് സ്ഥലങ്ങൾ | | |
| നിങ്ങളുടെ സമീപ പ്രദേശത്ത് ഇല്ലാത്തതും, എന്നാൽ നിങ്ങൾക്ക് ആവശ്യമെന്നു തോന്നുന്നതുമായ സ്ഥാപനങ്ങൾ ഏവ? | | |

### എന്റെ വിദ്യാലയത്തിൽ...

നാം വീട്ടിനു പുറത്ത് ഏറ്റവും കൂടുതൽ സമയം ചെലവഴിക്കുന്നത് വിദ്യാലയത്തിലാണ്. അധ്യാപകരോടും സഹപാഠികളോടും നന്നായി ഇടപഴകാൻ അവസരം ലഭിക്കുന്നു. അതുകൊണ്ട് വിദ്യാലയത്തെയും ഒരു കുടുംബം എന്നു പറയാം.



താഴെ തന്നിട്ടുള്ള പടങ്ങളിൽ നിങ്ങൾ വസിക്കുന്ന സ്ഥലം ഏതാണെന്ന് നിറം കൊടുക്കുക.



അധ്യാപകരുടെ സഹായത്താൽ ശരിയായ വാക്യങ്ങൾ ഉണ്ടാക്കുക

| | | |
|---|---|---|
| എന്റെ പരിസരത്തിൽ | കാഴ്ചബംഗ്ലാവ്<br>വ്യാപാര സ്ഥാപനം<br>വിദ്യാലയം<br>പോലീസ് സ്റ്റേഷൻ<br>പൂന്തോട്ടം<br>മരുന്നുകട<br>ആശുപത്രി<br>പള്ളി<br>മസ്ജിദ്<br>അമ്പലം | ഉണ്ട്<br>ഇല്ല |




ഇവിടെയുള്ള പരസ്യബോർഡുകളിലെ പരസ്യങ്ങൾ ശ്രദ്ധിക്കൂ. ഇവ എന്തിനാണ് വച്ചിരിക്കുന്നത്? ഇതുമൂലമുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം? ഇത് ലംഘിച്ചാലുണ്ടാകുന്ന ദോഷങ്ങൾ എന്തെല്ലാം?



തുപ്പിയാൽ പരിസരം അശുദ്ധമാവും. രോഗങ്ങൾ പകരും.

______________________________

______________________________

______________________________

______________________________

സ്കൂളിൽ നിന്നും നിങ്ങൾ പഠിച്ചത്.

______________________________

______________________________

# 3. വഴിയിലെ പാഠം

നാം നിത്യേനസ്കൂളിലേക്കു വരുന്ന വഴിയിൽ പലതരത്തിലുള്ള വൃക്ഷങ്ങൾ, വിവിധ വർണ്ണത്തിലുള്ള പക്ഷികൾ, വ്യത്യസ്തങ്ങളായ വാഹനങ്ങൾ, വിവിധ തരം ശബ്ദങ്ങൾ, പരിചിതരായ മനുഷ്യർ, മനോഹരമായ കാഴ്ചകൾ എന്നിവ കാണാം. ഓരോ ദിവസവും ഓരോ തരം അനുഭവങ്ങളാണ് നമുക്കുണ്ടാകുന്നത്.



മീന സ്കൂളിലേക്കു വരുന്ന വഴിയിൽ കണ്ട കാഴ്ചകളാണിത്. ഇതുപോലെ നിങ്ങൾ സ്കൂളിലേക്കു വരുന്ന വഴിയിൽ എന്തൊക്കെയാണ് കാണാറുള്ളത്? അവ ചുവടെ ചേർത്തിരിക്കുന്ന ചിത്രങ്ങളിൽ ഉണ്ടെങ്കിൽ ആ ചിത്രത്തിൽ ഒരു വട്ടമിടുക.



നീ സ്കൂളിലേക്കു വരുമ്പോൾ കണ്ട ഒരു കാഴ്ച ചിത്രീകരിക്കുക.

തന്റെ വാസസ്ഥലം ഇതാണെന്ന് ജീവികൾ എങ്ങനെ അറിയുന്നുവെന്ന് നോക്കാം.



ഇര തേടുന്ന പക്ഷി തന്റെ കൂട്ടിലേക്കു വീണ്ടും തിരിച്ചു ചെല്ലുന്നതെങ്ങനെ? ഒരുപക്ഷേ കാറ്റിന്റെ ദിശ മനസ്സിലാക്കിയായിരിക്കാം.



മരഞ്ചാടിയായ കുരങ്ങൻ ആഹാരം സമ്പാദിച്ച ശേഷം തിരികെ തന്റെ വാസസ്ഥലത്തെത്തുന്നതെങ്ങനെ?



മരങ്ങളാണ് തന്റെ പാതയെന്ന് അത് വിശ്വസിക്കുന്നു. ജലത്തിൽ കഴിയുന്ന മത്സ്യം എങ്ങനെ അതിന്റെ വാസസ്ഥലം അറിയുന്നു?



ജലത്തിൽ അതിന്റെ വഴി രേഖപ്പെടുത്തിയിട്ടുണ്ടാവുമോ?



വീട്ടിൽ നിന്നും പുറപ്പെട്ട് വിദ്യാലയത്തിലെത്തി വീണ്ടും വീട്ടിലെത്താനുള്ള വഴി എങ്ങനെയാണ് തിരിച്ചറിയുന്നത്?

നാം സഞ്ചരിക്കുന്ന വീഥിയിൽ അമ്പലം, ആശുപത്രി, ചന്ത, പോസ്റ്റാഫീസ്, പോലീസ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ എന്നിങ്ങനെ പല അടയാളങ്ങളുമുണ്ട്. മനുഷ്യർക്കാകട്ടെ ഒരിടത്തു നിന്നും മറ്റൊരിടത്തേക്കു പോകാൻ റോഡുകൾ പ്രയോജനപ്പെടുന്നു.

ഗ്രാമങ്ങളിൽ ഒറ്റയടിപ്പാതകളാണുള്ളത്. ടാറിട്ട റോഡുകൾ ഗ്രാമങ്ങളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്നു. റോഡുകൾ മനുഷ്യരുടെ യാത്രയ്ക്കും, അവരുടെ ഉല്പന്നങ്ങളെ ഒരു സ്ഥലത്തു നിന്നും മറ്റൊരിടത്തേയ്ക്ക് എത്തിയ്ക്കാനും പ്രയോജനപ്പെടുന്നു. റോഡുകളിൽ എപ്പോഴും വാഹനങ്ങളുടെ തിരക്കുണ്ട്. നാം റോഡിലൂടെ നടക്കുമ്പോൾ റോഡിന്റെ വശങ്ങളിലൂടെയും അനുവദിച്ചിട്ടുള്ള നടപ്പാതയിലൂടെയും മാത്രമേ നടക്കാവൂ.

വൻ നഗരങ്ങളിൽ റോഡു മുറിച്ചു കടക്കുവാൻ പാലങ്ങളും തുരങ്കങ്ങളും നിർമ്മിച്ചിട്ടുണ്ട്. റോഡിൽ കാൽനടയാത്രക്കായി പ്രത്യേകം അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിലൂടെ വേണം റോഡ് മുറിച്ചു കടക്കാൻ. സ്കൂളിലേക്കു വരുന്ന വഴിയിൽ അപരിചിതരോട് സംസാരിക്കരുത്. അവർ നൽകുന്ന സമ്മാനങ്ങളോ, ഭക്ഷണ സാധനങ്ങളോ വാങ്ങരുത്...... സ്നേഹിതർക്ക്, നിങ്ങളുടെ വീട്ടിലെത്താൻ നിങ്ങൾ ചില സൂചനകൾ നൽകാറില്ലേ. മേൽവിലാസമുണ്ടെങ്കിൽ ഒരാളിന്റെ വീട് കണ്ടെത്താൻ എത്ര എളുപ്പം?

പേര് : ______________________________

അച്ഛന്റെ പേര് : ______________________________

വീട്ടു നമ്പർ : __________ തെരുവിന്റെ പേര് : ____________________

സ്ഥലം : ______________ ജില്ല : ______________

പിൻകോഡ് : ______________________________

സംസ്ഥാനം : ______________________________





നിങ്ങളുടെ വീട്ടിൽ കത്തുകൾ എത്തുന്നതിനും മേൽവിലാസം വേണം. മേൽവിലാസം ഒരിക്കലും മറക്കാൻ പാടില്ല. യാത്രയ്ക്കിടയിൽ വീട്ടിലെത്താൻ കഴിയാതെ വരുമ്പോഴും മേൽവിലാസം നിങ്ങളെ സഹായിക്കും.

മറ്റുള്ളവർക്ക് നിങ്ങളുടെ വീട്ടിലെത്താൻ സഹായിക്കുന്ന ചില സൂചനകൾ എഴുതി നോക്കാം. പച്ച പെയിന്റ് അടിച്ച ടെറസ്സ് കെട്ടിടം. വലിയ ആൽമരം. അതിനു സമീപത്തുള്ള പുതിയവീട്. മല്ലി പൂത്തു നിൽക്കുന്ന വീട്. റെയിൽവേ ക്രോസിനടുത്തുള്ള വീട്. ഒത്തിരി റോസാപ്പൂക്കളുള്ള വീട്. എന്നിങ്ങനെ പല അടയാളങ്ങൾ നൽകി നിങ്ങളുടെ വീട്ടിലെത്താൻ വഴി പറഞ്ഞു കൊടുക്കാറില്ലേ?





വീട് നമുക്ക് താമസിക്കാനും സ്വതന്ത്രമായി സംസാരിക്കാനും പെരുമാറാനും, സുഖസൗകര്യത്തിനും ഒക്കെ ഉതകുന്നു.

**ഇതുപോലെ നിങ്ങളുടെ വീട്ടിലെത്താനുള്ള വഴി നിർദ്ദേശിക്കാൻ ശ്രമിക്കുക.**

ഇനി സ്ഥലങ്ങളറിയാൻ ഒരു എളുപ്പമാർഗ്ഗം. വലതുവശം, ഇടതുവശം എന്നിവ അറിയുക. ഒരു ചെറിയ കളി ആയാലോ?



## "മുന്നിലൊരു കണ്ണാടി"

നീയും നിന്റെ സുഹൃത്തും പരസ്പരം നോക്കി നിൽക്കുക. നീ നിന്റെ സുഹൃത്തിനെയും, സുഹൃത്ത് നിന്നെയും മുഖം നോക്കുന്ന കണ്ണാടിയായി കരുതുക. നീ വലതു കൈ ഉയർത്തുക. നിന്റെ സുഹൃത്ത് ഏതു കൈയാണ് ഉയർത്തേണ്ടത്.?

______________________________



നീ നിന്റെ ഇടതു ചെവിയിൽ പിടിക്കുക. നിന്റെ സുഹൃത്ത് ഏത് ചെവിയാണ് പിടിക്കേണ്ടത്?

______________________________

ഈ കളി തുടരുക.

നിങ്ങൾ വീട്ടിൽ നിന്നും പതിവായി പുറത്തേക്കു പോകുന്നത് സ്കൂളിലേക്കാണല്ലോ? നിങ്ങൾക്ക് സ്കൂളിന്റെ വിലാസം അറിയാമോ?

സ്കൂളിന്റെ പേര് : ______________________

തെരുവ്: ______________________

സ്ഥലം : ______________ ജില്ല : ______________

സംസ്ഥാനം: ______________ പിൻകോഡ് : ______________

നിങ്ങളെപ്പോലെ കലയും മൂന്നാം ക്ലാസ്സിലാണല്ലോ പഠിക്കുന്നത്. ദിവസവും അവൾ കൂട്ടുകാരികളായ ആയിഷ, മേഖല എന്നിവരോടൊപ്പമാണ് സ്കൂളിലേക്കു വരുന്നത്. ഒരു ദിവസം  പെയ്യുകയായിരുന്നു.  അവൾ എത്തിയത്. അവർ കുളത്തിനടുത്തെത്തിയപ്പോൾ ക്രോം ക്രോം ക്രോം ക്രോം എന്ന്  കൾ ശബ്ദമുണ്ടാക്കി. കുളക്കരയിൽ അവർ ഒരു  നെ കണ്ടു. കല  യെപ്പോലെ ചാടി. മേഖല  പോലെ പറക്കാൻ ശ്രമിച്ചു. "ഞാൻ കഴിഞ്ഞ ദിവസം ഈ പക്ഷിയെ എന്റെ വീട്ടിനു മുകളിൽ കണ്ടു". എന്ന് കല പറഞ്ഞു. " ച്ചാട്ടം നിർത്ത്. നീ നന്നായി നനഞ്ഞിരിക്കുന്നു." ആയിഷ പറഞ്ഞു. മഴ മാറി. വെയിൽ വന്നു.



 അവരുടെ മുന്നിൽ അവരുടെ എത്തി. അവർ ഓടിയും ചാടിയും നിഴലിനെ തൊടാൻ ശ്രമിച്ചു. പക്ഷേ കഴിയുന്നില്ല. "എനിക്ക് നിന്റെ നിഴലിനെ തൊടാൻ കഴിയും. എന്തുകൊണ്ട് എന്റെ നിഴലിനെ എനിക്കു തൊടാൻ കഴിയുന്നില്ല". ആയിഷ ചോദിച്ചു.





**എന്തുകൊണ്ടെന്ന് നിങ്ങൾക്ക് അറിയാമോ?**





കുട്ടികൾ വയൽകടന്ന് എത്തിയത് അയ്യനാർ ക്ഷേത്ര മുറ്റത്ത്. അതിനടുത്ത് ഒരു മാന്തോപ്പ്. മാന്തോപ്പിൽ നിറയെ മാങ്ങകൾ. "എനിക്ക് മാങ്ങ തിന്നണം." കല പറഞ്ഞു.







മാന്തോപ്പിനടുത്തു വെച്ച് ഒരു പട്ടിക്കുട്ടിയും അവരോടൊപ്പം ചേർന്നു. സംസാരിച്ചുകൊണ്ടവർ റോഡിലെത്തി. ഒരു ബസ്സ് വന്നു. ബസ്സിലാണ് കുമരൻ സ്കൂളിലെത്തുന്നത്. റോഡിനടുത്തായി ഒരു പെട്ടിക്കട. അവിടെത്തന്നെയാണ് സീബ്രാലൈൻ വരച്ചിരിക്കുന്നത്. വാഹനങ്ങൾ വരുന്നില്ല, എന്ന് ഉറപ്പാക്കിയശേഷം അവർ റോഡു മുറിച്ചു കടന്നു. മണിയടി ശബ്ദം കേട്ടു. അവർ സ്കൂളിലെത്തി.

**കല, മേഖല, ആയിഷ** എന്നിവർ സ്കൂളിലേക്കു വരുന്ന വഴിയിൽ കണ്ട കാഴ്ചകൾ എഴുതി തയ്യാറാക്കുക.



കലയെപ്പോലെ കനി സ്കൂളിലെത്തുന്ന വഴി മാപ്പിന്റെ രൂപത്തിൽ വരച്ചിട്ടുണ്ട്. മാപ്പ് നോക്കി മനസ്സിലാക്കുക.



കനി വിദ്യാലയത്തിൽ പോകുന്ന വഴി
റെയിൽവേ ലൈൻ
വ
മേ
കി
തെ
കനിയുടെ വീട്
വാട്ടർ ടാങ്ക്
ചർച്ച്
കട
കട
കിണർ
മവിയുടെ വീട്
കബീറിന്റെ വീട്
കലയുടെ വീട്
വീട്
ക്ഷേത്രം
വീട്
മസ്ജിദ്
കട
കട
പൂന്തോട്ടം
ബസ് സ്റ്റേഷൻ
മൈതാനം
സ്കൂൾ

☞ കനി വീട്ടിൽ നിന്നും സ്കൂളിലേക്കു പോകുന്ന വഴി വർണ്ണ പെൻസിൽകൊണ്ട് അടയാളപ്പെടുത്തുക.

☞ രവിക്ക് സ്കൂളിലേക്കു പോകാനുള്ള രണ്ട് വ്യത്യസ്ത വഴികളെ വരയിട്ട് കാണിക്കുക.

☞ കബീർ വീട്ടിൽ നിന്നും സ്കൂളിലേക്കു വരുന്ന വഴിയുടെ ഇടതുവശത്തുള്ളവ. എന്തൊക്കെ?

______________________________

☞ കനി സ്കൂളിലെത്തുന്നതിന് എത്ര വളവുകൾ തിരിയണം?

☞ ചിത്രത്തിൽ നിന്ന് ഒരു വീട് തെരഞ്ഞെടുക്കൂ. അതിൽ നിന്റെ പേര് എഴുതുക.

☞ ചിത്രത്തിലുള്ള നിങ്ങളുടെ വീട്ടിൽ നിന്നും സ്കൂളിലേക്കുള്ള വഴി അമ്പടയാളമിട്ട് കാണിക്കുക.

☞ മറ്റൊരു വഴികൂടി കാണിക്കുക?

കുട്ടികൾ ഗ്രൂപ്പുകളായി മാറുക. ഓരോ ഗ്രൂപ്പും ചിത്രം നോക്കി ചോദ്യങ്ങൾ തയ്യാറാക്കുക. ഒരു ഗ്രൂപ്പു തയ്യാറാക്കിയ ചോദ്യങ്ങളുടെ ഉത്തരം മറ്റു ഗ്രൂപ്പുകാർ കണ്ടെത്തുക.



നിങ്ങളുടെ സ്കൂൾ വീടിന്റെ സമീപത്താണോ? അകലെയാണോ? അരികിൽ അഥവാ അകലെ എന്ന് എങ്ങനെ മനസ്സിലാക്കാം. പറയൂ.

### നിങ്ങളുടെ സ്കൂളിലേക്കുവരുന്ന വഴിയിൽ കാണുന്ന കാഴ്ചകൾ

☞ വലതുവശം ______________________________

______________________________

☞ ഇടതുവശം ______________________________

______________________________

ദിവസവും നിങ്ങളുടെ കൂടെ സ്കൂളിൽ വരുന്നവർ ആരൊക്കെയാണ്?



❖ ______________________________

❖ ______________________________

❖ ______________________________

നിങ്ങളുടെ സ്കൂളിൽ പഠിക്കുന്ന സുഹൃത്തുക്കൾ ആരെങ്കിലും നിങ്ങളുടെ വീടിനു സമീപത്തുള്ളവരാണോ? എങ്കിൽ അവരുടെ പേരേഴുതുക.

______________________________

**സ്കൂളിലേക്കു പോകുന്ന വഴിയിൽ നിങ്ങൾ കണ്ട മറക്കാനാവാത്ത ഒരു സംഭവം പറയൂ.**

**നിങ്ങളുടെ പ്രദേശത്തുള്ള ജല സ്രോതസുകൾ ✓ ചെയ്യൂ.**

നദി ☐ കുളം ☐ തടാകം ☐ കുഴൽക്കിണർ ☐

പൈപ്പ് ☐ കിണർ ☐ ജലസ്രോതസുകൾ ഒന്നുമില്ല ☐

**വീടിനു പുറത്തിറങ്ങുമ്പോൾ വാനനിരീക്ഷണം നടത്തിയിട്ടുണ്ടോ? ഇന്ന് ആകാശം എങ്ങനെയായിരുന്നു? ✓ ചെയ്യൂ.**

| തീയതി | ചൂട്  | മിതോഷ്ണം  | കാറ്റ്  | മേഘാവൃതം  | മഴ  | തണുപ്പ്  |
|---|---|---|---|---|---|---|
| ഇന്നലെ | | | | | | |
| ഇന്ന് | | | | | | |

**സ്കൂളിലേക്കു പോകുന്ന വഴിയിൽ എന്തൊക്കെ തൊഴിലിലേർപ്പെടുന്ന ആളുകളെയാണ് കണ്ടിട്ടുള്ളത്?**



____________________

____________________

____________________

____________________



**നിങ്ങൾ വഴിയിൽ കണ്ട കാഴ്ചകൾ പട്ടികപ്പെടുത്തൂ.**

| നമ്പർ | കെട്ടിടങ്ങൾ | മരങ്ങൾ | മൃഗങ്ങൾ | വസ്തുക്കൾ |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |



## ആലോചിച്ച് ചെയ്യാം.



രണ്ടു ദിവസം നിങ്ങൾ വിദ്യാലയത്തിൽ പോകുന്ന വഴി ശ്രദ്ധാപൂർവ്വം വീക്ഷിക്കുക. വഴിയിൽ കാണുന്ന ചില സ്ഥലങ്ങളുടെ സൂചനകൾ ചുവടെ ചേർത്തിരിക്കുന്നു.



**ഇതുപോലെ നിങ്ങൾ നിങ്ങളുടെതായ സൂചനകൾ രൂപപ്പെടുത്തൂ.**

## ചിത്രം പൂർത്തിയാക്കുക.

എന്റെ വിദ്യാലയത്തേക്കുള്ള വഴി. ഞാൻ തന്നെ വരച്ച ചിത്രം.





# 4. ദിക്കുകൾ അറിയാം




കവിതയും മലരും ഒരേ സ്കൂളിൽത്തന്നെയാണ് പഠിക്കുന്നത്. അവർ വീട്ടിൽ നിന്നും സ്കൂളിലേക്കു പോകേണ്ടത് ഏതുവശത്തു കൂടെയാണെന്ന് തർക്കം തുടങ്ങി. കവിത. "നാം ഇടതുവശത്തു കൂടെ പോകണം." മലർ "അല്ല. അല്ല. വലതു വശത്തു കൂടെ." സ്കൂളിലെത്തുന്നതു വരെ അവർ തർക്കിച്ചു.



ഇരുവരും അധ്യാപിക വരുന്നതുവരെ കാത്തിരുന്നു. അധ്യാപിക എത്തിയ ഉടനെ അവർ ഓടിയെത്തി. "ടീച്ചർ, സ്കൂളിലേയ്ക്ക് എന്റെ വീട്ടിൽ നിന്നും ഏതു വശത്തു കൂടെ വരണം ? ഇടതു വശം തന്നെയല്ലേ?" കവിത ചോദിച്ചു. വലതുവശത്തുകൂടെയല്ലേയെന്ന് മലർ.

അധ്യാപിക ചിരിച്ചുകൊണ്ട് പറഞ്ഞു.

"രണ്ടു പേരും പറയുന്നതു ശരി തന്നെ" അധ്യാപിക എന്തു കൊണ്ടാണ് അങ്ങനെപറഞ്ഞത് ?

നിങ്ങൾക്ക് കണ്ടു പിടിക്കാനാവുമോ?

കവിതയും മലരും റോഡിനപ്പുറത്തും ഇപ്പുറത്തുമുള്ള വീടുകളിലാണ് താമസിക്കുന്നത്. കവിത വീട്ടിനു പുറത്തു വന്ന് ഇടതുവശം തിരിഞ്ഞ് സ്കൂളിലേക്കു പോകണം. മലർ തന്റെ വീട്ടിൽ നിന്നും പുറത്തിറങ്ങി വലതുവശം തിരിയണം.

**ചിത്രത്തിൽ കവിതയുടെ വീടേത്? മലരിന്റെ വീടേത്? കണ്ടുപിടിക്കുക. പേരെഴുതുക?**





## ഒരു കളി ആയാലോ?



എല്ലാവരും ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റു നിൽക്കുക. ഓരോരുത്തരുടെയും മുന്നിലുള്ളത് എന്ത്? ആര്? ______________



ഇപ്പോൾ ഇടതുവശം തിരിയുക.
അവിടെ ഉള്ളത് ______________
വീണ്ടും ഇടതുവശം തിരിയുക.
ഇപ്പോൾ കാണുന്നത് ______________



വീണ്ടും ഇടതു വശം തിരിയൂ.
അവിടെ ഉള്ളത് ______________
വീണ്ടും ഇടതുവശം തിരിയൂ.
അവിടെ______________



ഇപ്പോൾ നിങ്ങൾ ഇരിപ്പിടത്തിൽ ഒരു പ്രാവശ്യം ചുറ്റിക്കഴിഞ്ഞിരിക്കും.
ഇതുപോലെ വലതുവശവും പരീക്ഷിക്കുക.



### അധ്യാപകർക്ക്:

കുട്ടികൾ ഓരോ പ്രാവശ്യവും ഇടതുവശം തിരിയുമ്പോൾ കാണുന്ന വസ്തുക്കൾ അഥവാ വ്യക്തികളെ സൂക്ഷിച്ചുനോക്കി ഓർമ്മയിൽ വയ്ക്കുക. പിന്നീട് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ട സ്ഥലത്ത് എഴുതാനാവശ്യപ്പെടുക.

ഒരുസ്ഥലം എവിടെയാണ്? എങ്ങനെ അവിടെ എത്തും? എന്നറിയുന്നതിന് ദിക്കുകളും മാപ്പുകളും ഉപകരിക്കുന്നു. ആരെങ്കിലും നിങ്ങളുടെ അടുത്തുള്ള ഒരു പ്രദേശത്തെക്കുള്ള വഴി ചോദിച്ചാൽ നിങ്ങൾക്ക് സഹായിക്കാൻ കഴിയുമോ?

________________________________________

ദിക്കുകൾ അറിഞ്ഞാൽ വഴി പറഞ്ഞു കൊടുക്കാൻ എളുപ്പമാണ്. എവിടെ ചെന്നാലും ദിക്കുകൾ അറിഞ്ഞിരിക്കണം.

നിങ്ങൾക്ക് ദിക്കുകൾ അറിയണമെങ്കിൽ രാവിലെ സൂര്യനെനോക്കി നിൽക്കൂ. ഇരുകൈകളെയും വശങ്ങളിലേക്കു നീട്ടുക.



**സൂര്യനുദിക്കുന്നതു കിഴക്ക്,**

**അതിനെതിർവശം പടിഞ്ഞാറ്,**

**വലതു വശമാണ് തെക്ക്,**

**ഇടതു കൈവശമാണ് വടക്ക്.**




ഇങ്ങനെയാണ് നാം ദിക്കുകൾ തിരിച്ചറിയുന്നത്.

നാലുദിക്കുകളെയും പറ്റി അധ്യാപിക പറഞ്ഞു നിർത്തി. "ടീച്ചർ, മലർ സ്കൂളിലേക്കു വരാൻ വലതുവശം തിരിഞ്ഞു. ഞാൻ ഇടതുവശവും തിരിഞ്ഞു. സ്ഥലവും ആളും മാറുമ്പോൾ ദിക്കുകളും മാറുമോ?" കവിത വിടാൻ ഭാവമില്ല. അധ്യാപിക ചിരിച്ചുകൊണ്ട് ചില ചിത്രങ്ങൾ കാണിച്ചു. സൂര്യനെ അടിസ്ഥാനമാക്കി അപ്പു കണ്ട ദിക്കുകൾ, ചിത്രത്തിൽ നോക്കി നിങ്ങളും കുറിക്കുക.

## അപ്പുവിന് ദിക്കുകൾ പറഞ്ഞുകൊടുക്കാം.



കവിതയ്ക്ക് ഇപ്പോഴാണ് ദിക്കുകളെക്കുറിച്ച് അറിയാൻ കഴിഞ്ഞത്. "ഞാനും മലരും സ്കൂളിലേക്കു വരുന്ന ദിക്ക് കിഴക്ക്" എന്ന് സന്തോഷത്തോടെ പറഞ്ഞു. കവിതയും മലരും സ്കൂളിലേക്ക് വീട്ടിൽ നിന്നും കിഴക്കു ദിക്കുനോക്കി വരുന്നു. വീട്ടിൽ നിന്നും കവിത ഇടതുവശം തിരിയുന്നു. മലർ വലതുവശവും തിരിയുന്നു. അങ്ങനെയായാൽ അവരുടെ വീട് റോഡിന്റെ ഏതു ദിക്കിലാണ്?

കവിതയുടെ വീട് റോഡിന്റെ ____________________ ദിക്കിലാണുള്ളത്.

മലരിന്റെ വീട് റോഡിന്റെ ____________________ ദിക്കിലാണുള്ളത്.







എപ്പോഴും ചിത്രം വരയ്ക്കുമ്പോൾ ബുക്കിന്റെ മുകൾവശം വടക്കു ദിക്കായിരിക്കണം.

**രേഖപ്പെടുത്തിയതു വായിച്ച് പരസ്യബോർഡുകളിലെഴുതുക.**




**ചിത്രത്തിലുള്ള വീടിന്റെ പുറത്ത് വിരൽ വയ്ക്കുക.**

- വീട്ടിൽ നിന്നു നേരെ വടക്കോട്ട് വിരൽ നീക്കുക. ചന്തയിൽ എത്താം.
- പടിഞ്ഞാറോട്ട് വിരൽ നീക്കുക. തുടർന്നു വടക്കോട്ട് നീക്കുക. ഇപ്പോൾ പൂന്തോട്ടത്തിൽഎത്തി.
- വീട്ടിൽ നിന്ന് കിഴക്കോട്ടു നീങ്ങുക. തുടർന്നു തെക്കോട്ടു നീങ്ങുക. അവിടെ തെങ്ങിൻ തോപ്പ്.
- വീട്ടിൽ നിന്ന് നേരെ നോക്കിപ്പോവുക. അവിടെ കാണുന്നത് കളിസ്ഥലം.
- കളിസ്ഥലത്തു നിന്നും കിഴക്കോട്ടു പോയാൽ സ്കൂളിലെത്താം.
- കളിസ്ഥലത്തിന്റെ പടിഞ്ഞാറുകാണുന്നത് പ്രദർശനശാല.

## ദിക്കു സൂചിപ്പിക്കുന്ന വടക്കുനോക്കി യന്ത്രം




നമുക്ക് ചിലസമയങ്ങളിൽ ദിക്കുകൾ അറിയാൻ കഴിയാതെ വരും. നാലുചുറ്റും വെള്ളത്താൽ ചുറ്റപ്പെട്ട സമുദ്രത്തെ ചിന്തിച്ചു നോക്കൂ. കടൽയാത്രികർ എങ്ങനെയാണ് ദിക്കുകൾ അറിയുന്നത്? അതിന് അവർ ആശ്രയിക്കുന്നത് വടക്കുനോക്കി യന്ത്രത്തെയാണ്. ഇതിന്റെ കാന്ത സൂചി എപ്പോഴും വടക്കുനോക്കിയാണിരിക്കുന്നത്.

ദിക്കുകൾ അറിയാൻ സൂര്യൻ എങ്ങനെസഹായിക്കുന്നു?

നാലു പ്രധാനദിക്കുകൾ ഏവ?





### വാസസ്ഥലം തേടി...

മായനൂർ എന്ന ഒരു ചെറിയ ഗ്രാമം. അതിന്റെ വടക്കുവശത്തായി ഒരു വയൽ. വയലിനു കിഴക്ക് ഒരുചെറിയ കുളം. ആ കുളത്തിൽ പലതരം പക്ഷികൾ കുടുംബത്തോടെ കഴിയുന്നു. താറാവ്, കൊക്ക്, മീൻകൊത്തി, മരങ്കൊത്തി തുടങ്ങിയ എത്ര എത്ര പക്ഷികൾ.

വേനൽക്കാലം വന്നു. കുളം വറ്റാൻ തുടങ്ങി. എല്ലാ പക്ഷികളും ഒത്തുകൂടി. കുളത്തിൽ വെള്ളം വറ്റിയല്ലോ, ഇനി എന്തു ചെയ്യും? അവർ ആലോചിച്ചു.

"മായന്നൂരിനു തെക്കുവശത്ത് ഒരു കുളമുണ്ട്. അത് ഒരിക്കലും വറ്റില്ല. നമുക്കവിടെ പോകാം", താറാവ് പറഞ്ഞു.





"അയ്യോ! അതു വേണ്ട. അവിടെ മരങ്ങളോ വയലോ ഇല്ല. മനുഷ്യർ മാത്രമേ ഉള്ളൂ." കാക്ക പറഞ്ഞു.



"മുമ്പ് ഒരിക്കൽ ഞാൻ പറന്നു വരുമ്പോൾ ഒരു നദിയൊഴുകുന്നതു കണ്ടു. ഞാൻ എന്റെ കൂട്ടുകാരോടൊത്ത് അത് എവിടെയാണെന്നു കണ്ടെത്തിവരാം. പിന്നെ അവിടെച്ചെന്ന് താമസിക്കാം." കൊക്കു പറഞ്ഞു.

കൊക്ക് തന്റെ കൂട്ടുകാരോടൊപ്പം മായന്നൂരിന്റെ തെക്കുദിക്കുനോക്കിപ്പറന്നു. അവിടെ ഒരു കുളവും അതിനടുത്തായി വാഹനങ്ങളുടെ തിരക്കുള്ള റോഡും വലിയ കെട്ടിടങ്ങളും കണ്ടു. തുടർന്ന് അവിടെ നിന്നും മായന്നൂരിന്റെ പടിഞ്ഞാറു നോക്കിപ്പറന്നു. പടിഞ്ഞാറോട്ടു പോകുന്തോറും ഒരു മനോഹരമായ പുഴ ഒഴുകുന്നതു കണ്ടു. അതിനു സമീപം പച്ചപ്പുകൾ നിറഞ്ഞ വയലുകളും തിങ്ങി നിറഞ്ഞ മരങ്ങളും കണ്ടു.





സന്തോഷത്തോടെ അവർ തിരിച്ചു ചെന്നു. മറ്റു കൂട്ടുകാരോട് അവർ കണ്ടു പിടിച്ച സ്ഥലത്തെപ്പറ്റി പറഞ്ഞു. മുഴുവൻ പറവകളും ആറ്റിൻ കരയിലേക്ക് തങ്ങളുടെ താമസം മാറ്റി. അതിനുശേഷം അവർക്ക് ജലക്ഷാമവുമില്ല.





**ചിത്രത്തിൽ ദിക്കു കണ്ടെത്തി പക്ഷികൾ തേടിയിറങ്ങിയ ജലാശയം വരയ്ക്കുക.**




**21-ാം പുറത്തിലെ ചിത്രം നോക്കൂ.**

- കനി, സ്കൂളിലേക്കു വരുന്ന ദിക്കു പറയൂ,
- നദിയുടെ പടിഞ്ഞാറു വശത്ത് എന്താണുള്ളത്?
- കുളത്തിന് ______________________ ദിക്കിൽ ക്ഷേത്രം ഉണ്ട്?
- ദേവാലയത്തിനു ___________________ ദിക്കിലുള്ളത് റെയിൽവേലൈൻ,

# 5. നോക്കി നടക്കാം





രാത്രിയിൽ മഴ പെയ്തിരുന്നു. രാവിലെ സ്കൂളിന്റെ നനഞ്ഞ മൈതാനത്തിൽ കുട്ടികൾ കളിച്ചുകൊണ്ടിരുന്നു.

ചില കുട്ടികൾ മണ്ണിൽ വര വരച്ച് ബാം ബാം എന്ന് വാഹനത്തിന്റെ ശബ്ദമുണ്ടാക്കി ഓടിക്കളിക്കുകയായിരുന്നു.

അബ്ദു ടീച്ചറെ വിളിച്ച് മണ്ണിലെ അടയാളങ്ങൾ കാണിച്ചു കൊണ്ടു പറഞ്ഞു. “റോഡു കണ്ടോ ടീച്ചർ.” “മണ്ണിൽ കളിച്ചതു മതി. എല്ലാവരും പോയി കൈയ്യും കാലും കഴുകി വരൂ.” ടീച്ചർ പറഞ്ഞു.

ക്ലാസ്സിനകത്തു കടന്ന വിദ്യാർത്ഥികളോട് “നിങ്ങൾ എന്തുകളിയാണ് കളിച്ചത്?” അദ്ധ്യാപിക ചോദിച്ചു. “വാഹനങ്ങൾ ഓടിക്കുകയായിരുന്നു.” വിദ്യാർത്ഥികൾ ഒന്നിച്ചു പറഞ്ഞു. “ഏതെല്ലാം വാഹനങ്ങളാണ് നിങ്ങൾ ഓടിച്ചത്?.” “ബസ്സ്, കാർ ,ഓട്ടോ, ട്രെയിൻ, സൈക്കിൾ .........” കുട്ടികൾ ഓരോന്നു പറഞ്ഞു.



“വാഹനങ്ങളുടെ ശബ്ദം ഭയങ്കരം തന്നെ.” “സൂര്യയും രാമുവും എല്ലാവരുടേയും ശരീരത്തിൽ അഴുക്കുവെള്ളം അടിച്ചു തെറിപ്പിച്ചു” അഖിലൻ പറഞ്ഞു.



"എന്റെ ഉടുപ്പിൽ ചെളി പുരണ്ടു. രാമുവും ഐസക്കും തമ്മിൽ കൂട്ടിയിടിച്ച് നിലത്തു വീണു." സീത പറഞ്ഞു.

"ഞാൻ വളവു തിരിയാൻ തുടങ്ങിയപ്പോൾ ഐസക് കൈ നീട്ടികൊണ്ട് ഓടി വന്നതു കൊണ്ടാണ് താഴെ വീണത്." രാമു പറഞ്ഞു.



"എല്ലാവരും വാഹനത്തിൽ തന്നെയാണോ പോയത്? ആരും നടന്നുപോയില്ലേ? " അധ്യാപിക ചോദിച്ചു.

"നടക്കാൻ സ്ഥലമില്ല. ആരും ആരേയും ശ്രദ്ധിച്ചില്ല. അവരവരുടെ പോക്കിനു പോയി." കണ്ണൻ പറഞ്ഞു.



"ഇതു തന്നെയാണ് ദിവസവും റോഡിൽ സംഭവിക്കുന്നത്. അതുകൊണ്ട് റോഡിൽ ശ്രദ്ധിച്ചു വേണം നടക്കാൻ. റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ചില നിയമങ്ങൾ പാലിക്കേണ്ടതുണ്ട്. അവ എന്തൊക്കെയാണെന്ന് നോക്കാം."

"നിങ്ങൾ ഇന്നു കളിച്ചതിൽ നിന്നുതന്നെ തുടങ്ങാം. നടന്നു പോകേണ്ടവർക്കുള്ള (കാൽനടക്കാർക്ക്) നിയമങ്ങളെന്ത്? ആർക്കെങ്കിലും അറിയാമോ?" ടീച്ചർ ചോദിച്ചു.



"നടപ്പാതകൾ നമ്മൾ ഉപയോഗിക്കണം." സുശീല പറഞ്ഞു.

"എന്റെ വീട്ടിനടുത്ത് നടപ്പാതയേ ഇല്ലല്ലോ?" മീനയ്ക്കു സംശയം.



“നടപ്പാതകൾ ഇല്ലാത്ത സ്ഥലങ്ങളിൽ റോഡിന്റെ വശങ്ങളിലൂടെ വേണം സഞ്ചരിക്കാൻ.” ടീച്ചർ വിശദമാക്കി.

“നാം റോഡിലൂടെ ഓടരുത്, കളിയ്ക്കരുത്” ഐസ്ക് പറഞ്ഞു.

“ഞാനാണെങ്കിൽ സ്കൂളിലേക്ക് വരുന്ന വഴിയിൽ മറുവശത്തുകൂടെ വരുന്ന കൂട്ടുകാരികളോട് സംസാരിക്കും. ഇനി അങ്ങനെചെയ്യില്ല.” വാസന്തി പറഞ്ഞു.



“ഇത് മറ്റുള്ളവരുടെ ശ്രദ്ധ മാറാനിടയാക്കും.” അധ്യാപിക കൂട്ടിച്ചേർത്തു.

“ഞാൻ റെയിൽവേ ലൈൻ കടന്നാണ് സ്കൂളിൽ വരുന്നത്.” കണ്ണൻ പറഞ്ഞു.

“റെയിൽവേ ലൈൻ കടക്കുമ്പോൾ വളരെ ശ്രദ്ധിക്കണം. ഒരിക്കലും റെയിൽവേ പാളത്തിലൂടെ നടക്കരുത്. അടയാളവിളക്ക് കണ്ടു കഴിഞ്ഞാൽ യാതൊരു കാരണവശാലും കടക്കാൻ ശ്രമിക്കരുത്.” അധ്യാപിക വ്യക്തമാക്കി.




“അയ്യയ്യോ, എത്രയെത്ര നിയമങ്ങൾ! ഇതെല്ലാം എങ്ങനെ മനസ്സിൽ സൂക്ഷിക്കും?” രഘുവിന് ആകാംക്ഷയായി.

“ഞാൻ പറയുന്ന കാര്യങ്ങൾ ശരിയോ തെറ്റോ എന്ന് (ശരി/ തെറ്റ്) പറയുക? ”

“ഞാൻ പറയുന്ന കാര്യങ്ങൾ ശരിയോ തെറ്റോ എന്ന് (ശരി/ തെറ്റ്) പറയുക?”

ശരി എങ്കിൽ ചിരിക്കുന്ന മുഖത്തിലും,

തെറ്റ് എങ്കിൽ കരയുന്ന മുഖത്തിലും ചായം തേയ്ക്കൂ.

നടപ്പാതയിലൂടെ നടക്കുക.

നടപ്പാതകളില്ലാത്ത സ്ഥലങ്ങളിൽ, റോഡിന്റെ വശത്തുകൂടെ നടക്കുക.

റോഡിന്റെ കുറുകെ ഓടുക.

റോഡിന്റെ അരികിൽ അല്ലെങ്കിൽ റോഡിൽ കളിക്കുന്നു.

റോഡിലൂടെ നടക്കുമ്പോൾ മൊബൈൽ ഫോണിൽ സംസാരിക്കുന്നു.

റോഡിന്റെ വശത്തുള്ള പരസ്യബോർഡുകളെ നോക്കിക്കൊണ്ട് നടക്കൽ

റെയിൽവേ പാളത്തിന്റെ മുകളിലൂടെ നടക്കുന്നു.

റെയിൽവേ പാളം മുറിച്ചുകടക്കുമ്പോൾ അടയാള വിളക്കുകൾ ശ്രദ്ധിക്കുന്നു.

അടുത്ത ദിവസം അധ്യാപിക, ട്രാഫിക് പോലീസിനെ ക്ലാസ്സിൽ വിളിച്ചു വരുത്തി. സംശയങ്ങൾ അദ്ദേഹത്തോട് ചോദിക്കുവാൻ കുട്ടികളോട് നിർദ്ദേശിച്ചു.




“റോഡ് മുറിച്ചു കടക്കുന്നതെങ്ങനെ?” മീന ചോദിച്ചു. പോലീസുകാരൻ കൊണ്ടുവന്ന ട്രാഫിക് നിയമങ്ങൾ അടങ്ങിയ ചിത്രങ്ങൾ കാണിച്ച് വിശദീകരിച്ചു.



## ചിത്രവും അതിന്റെ വിശദീകരണവും.

നഗരപ്രദേശങ്ങളിൽ നടപ്പാതയിലൂടെ മാത്രമേ നടക്കാവൂ. നടപ്പാതകൾ ഇല്ലാത്ത സ്ഥലങ്ങളിൽ റോഡിന്റെ വശങ്ങളിലൂടെ സഞ്ചരിക്കണം.



### വാഹനങ്ങൾക്കുവേണ്ടിയുള്ള അടയാള വിളക്കുകൾ



→ ചുവപ്പ് — നിൽക്കാൻ

→ മഞ്ഞ — ശ്രദ്ധിക്കാൻ

→ പച്ച — പോകാൻ

### യാത്രക്കാർക്കുവേണ്ടിയുള്ള അടയാള വിളക്കുകൾ

ചുവപ്പ് — നിൽക്കാൻ ←

പച്ച — പോകാൻ ←



തിങ്ങി നിറഞ്ഞ കവലകളിലൊക്കെ ഇത്തരം അടയാളങ്ങൾ സ്ഥാപിച്ചിട്ടുണ്ടാവും. ഇത് ശ്രദ്ധിച്ചുവേണം കാൽനട യാത്രക്കാർ റോഡ് മുറിച്ചു കടക്കാൻ.



കാൽനടക്കാർക്കുള്ള പച്ച വിളക്ക് കത്തുമ്പോൾ റോഡ് മുറിച്ചു കടന്നു പോവുക. റോഡിൽ രേഖപ്പെടുത്തിയിട്ടുള്ള വെളുത്ത നിറത്തിലെ സീബ്രാലൈനുകളിലൂടെയാവണം റോഡ് മുറിച്ച് കടക്കേണ്ടത്.

അടയാളങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ റോഡ് മുറിച്ചു കടക്കുമ്പോൾ ഇരുവശവും നോക്കണം. ആദ്യം വലതു വശവും പിന്നെ ഇടതുവശവും. വാഹനങ്ങൾ വരുന്നില്ല, എന്ന് ഉറപ്പുവരുത്തിയ ശേഷം റോഡ് മുറിച്ചു കടക്കണം.

ഡ്രൈവർമാർ ചെറിയ റോഡിൽ നിന്ന് പ്രധാനറോഡിലേക്കു കടക്കുമ്പോൾ വാഹനത്തിന്റെ വേഗത കുറയ്ക്കണം. പ്രധാന റോഡിലൂടെ പോകുന്ന വാഹനത്തിന് സൗകര്യം ചെയ്തു കൊടുക്കണം.

## റോഡ് സുരക്ഷയ്ക്കുള്ളചില അടയാളങ്ങൾ



സുരക്ഷിതമായ റെയിൽവേ ക്രോസ്



സുരക്ഷിതമല്ലാത്ത റെയിൽവേ ക്രോസ്



വിദ്യാലയം ഉണ്ട്



വേഗത കുറയ്ക്കുക



കുഴിയുണ്ട്.



ഇടതുവശം വളവ്



വലതുവശം വളവ്



ബസ് സ്റ്റാന്റ്



ശബ്ദമുണ്ടാക്കരുത്.

ഇങ്ങനെ കുറുകെ വരച്ചിരുന്നാൽ ഡ്രൈവർ അത് ചെയ്യരുത് എന്നർത്ഥം.



## ഏതാണ് ശരി? ഏതാണ് തെറ്റ്? തെറ്റെങ്കിൽ എന്തുകൊണ്ട് എന്നു പറയുക?

















ചിത്രത്തിൽ കൊടുത്തിട്ടുള്ള സംഖ്യകളെ കണ്ടുപിടിച്ച് ശരിയായ വൃത്തത്തിൽ എഴുതുക.

| | | | |
|---|---|---|---|
| തെരുവുവിളക്ക് | ◯ | ◯ | പരസ്യബോർഡ് |
| അടയാള വിളക്ക് | ◯ | ◯ | കാൽനടയാത്രക്കാർ റോഡ് മുറിച്ചുകടക്കുന്നത് |
| നടപ്പാത | ◯ | ◯ | ട്രാഫിക് പോലീസ് |

ഏതു സ്ഥലത്തുള്ള കാൽനട യാത്രക്കാർ തൽക്കാലം–

റോഡ് കടക്കരുത് – ചിത്രത്തിൽ ചുവന്ന നിറം കൊടുക്കുക.

റോഡ് കടക്കാം – ചിത്രത്തിൽ പച്ച നിറം കൊടുക്കുക.




സാമൂഹ്യശാസ്ത്രം

ഏത് സിഗ്നലുകൾ എവിടെ വരണം?



# ഓർമ്മ പുതുക്കാം

## I. ശരിയായ പ്രവർത്തികൾ ഏവ?

### തെറ്റായ പ്രവർത്തികൾ ഏവ (✓) ( x ) കുറിക്കുക

1. ഈച്ച ഇരുന്ന ഭക്ഷണസാധനങ്ങൾ കഴിക്കുന്നത് ( )
2. അതിരാവിലെ ഉണരുന്നത് ( )
3. പൊതുസ്ഥലങ്ങളിൽ തുപ്പുന്നത് ( )
4. മൃഗങ്ങളോട് സ്നേഹം കാണിക്കരുത് ( )
5. അനുവാദമില്ലാതെ മറ്റൊരാളിന്റെ വസ്തുക്കൾ എടുക്കരുത് ( )
6. കളിച്ച ശേഷം കൈ, കാൽ, മുഖം എന്നിവ കഴുകരുത് ( )
7. വസ്തുക്കളെ അതാത് സ്ഥാനങ്ങളിൽ വയ്ക്കുന്നത് ( )
8. ക്ലാസ്മുറിയിലെ മേശമേൽ കയറി കളിക്കുന്നത് ( )
10. സഹപാഠികളെ സഹായിക്കുന്നത് ( )

## II. നിറം കൊടുക്കുക

**തന്നിട്ടുള്ള അടയാള ബോർഡിൽ യോജിച്ച നിറം കൊടുക്കുക**




## III. ഉത്തരം പറയുക

1. പൊതുസ്ഥലങ്ങളിൽ നാം എന്തൊക്കെ നിയമങ്ങളാണ് അനുസരിക്കേണ്ടത്?
2. തിരക്കേറിയ നഗരങ്ങളിൽ റോഡിനു കുറുകെ വെള്ളവരകൾ എന്തിനാണ് ഇട്ടിരിക്കുന്നത്?
3. നിങ്ങളുടെ പരിസരത്ത് ജീവിക്കുന്നവർക്കായി നിങ്ങൾ എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുക്കും?
4. പ്രധാനപ്പെട്ട ദിക്കുകൾ ഏവ? നിങ്ങളുടെ വിദ്യാലയം സ്ഥിതി ചെയ്യുന്ന ദിക്കുകളെപ്പറ്റി എഴുതുക?
5. റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേ കാര്യങ്ങൾ ഏവ?

## IV. നിങ്ങളുടെ വിദ്യാലയത്തിന്റെ രേഖാചിത്രം വരയ്ക്കുക

## 'എനിക്കും സാധിക്കും, ഞാൻ ചെയ്തു'
## ('I can, I did')
## വിദ്യാർത്ഥികളുടെ പ്രവർത്തനവിവരസൂചിക

വിഷയം

| ക്രമ നമ്പർ | തിയതി | പാഠഭാഗം | പാഠത്തിന്റെ തലക്കെട്ട് | പ്രവർത്തനം | കുറിപ്പ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |